**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2187** **30-07-2021 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ശല്യം മൂലം വ്യാപകമായി കൃഷിനാശം സംഭവിച്ച മണ്ണാർക്കാട് മണ്ഡലത്തിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാന, കാട്ടുപന്നി എന്നിവയുടെ ആക്രമണം മൂലം തെങ്ങ്, വാഴ, കവുങ്ങ്, റബ്ബർ മുതലായ കൃഷികൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. കഴിഞ്ഞ 3 വർഷം മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണത്തിൽ നാശം സംഭവിച്ചതിന് ലഭിച്ച അപേക്ഷയുടെ കണക്കും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ 5 വർഷം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പ് നൽകിയ നഷ്ടപരിഹാരതുകയുടെ കണക്ക് ലഭ്യമാക്കുമോ; | (ബി) | കൃഷി നാശം സംഭവിച്ചതിന് കഴിഞ്ഞ 5 വർഷത്തിൽ മണ്ണാർക്കാട് ഡിവിഷനിൽ 1030 അപേക്ഷകൾ ലഭിക്കുകയും ആയതിൽ 121.04 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |
| (സി) | ഈ മേഖലയിൽ വന്യമൃഗങ്ങൾ മൂലം കൃഷിനാശം ഒഴിവാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) | വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ 67.45 കി.മീ. സൗരോർജ്ജവേലി, 7.44 കി.മീ. ആനപ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങുന്ന ആനകളെ തിരികെ വനത്തിലേയ്ക്ക് അയക്കുന്നതിന് മണ്ണാർക്കാട് റെയിഞ്ചിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീമും, അഗളി റെയിഞ്ചിൽ ഒരു താത്കാലിക എലിഫൻറ് കുങ്കി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. ഇവരെ സഹായിക്കുന്നതിന് 17 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| പഞ്ചായത്ത് / മുനിസിപ്പാലിറ്റി | 2018-19 | | 2019-20 | | 2020-21 | |
|---|---|---|---|---|---|---|
| | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക | അപേക്ഷകൾ | അനുവദിച്ച തുക |
| മണ്ണാർക്കാട് | 13 | 1.95 | 24 | 0.43 | 32 | - |
| അഗളി | 94 | 10.06 | 99 | 6.62 | 54 | - |
| അലനല്ലൂർ | 43 | 5.42 | 42 | 3.48 | 14 | 0.09 |
| കോട്ടോപ്പാടം | 82 | 11.15 | 108 | 6.69 | 188 | 0.29 |
| കുമരംപുത്തൂർ | 2 | - | 1 | - | 6 | - |
| തെൻകര | - | . | -- | - | -- | - |
| പുഡൂർ | 45 | 6.78 | 34 | 1.79 | 34 | - |
| ഷോളയൂർ | 30 | 3.51 | 343.97 | 3.97 | 45 | - |
| ആകെ | 309 | 38.84 | 342 | 22.98 | 363 | 0.38 |

| ക്രമ നം. | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2016-17 | 26.19 |
| 2 | 2017-18 | 8.32 |
| 3 | 2018-19 | 38.74 |
| 4 | 2019-20 | 14.19 |
| 5 | 2020-21 | 33.60 |
| | ആകെ | 121.04 |